8174
14/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - അപകടത്തിൽ നട്ടെല്ലിനു ക്ഷതമേറ്റ കൃഷ്ണപ്രിയ എന്ന കുട്ടിയുടെ പുനരധിവാസം - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 504/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 08.08.2014.

================================================================

പരാമർശം:- 16.06.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പി.ഡി.എം.സി.1/ 2258/14 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ വിതുര പേപ്പാറ എന്ന സ്ഥലത്ത് തോടിനു കുറുകെയുള്ള പഞ്ചായത്ത് പാലം തകർന്ന് 14 വയസ്സുള്ള കൃഷ്ണപ്രിയ എന്ന കുട്ടിക്ക് നട്ടെല്ലിനു ഗുരുതരമായ ക്ഷതം സംഭവിച്ചതിനാൽ ദീർഘകാലം മെഡിക്കൽ കോളേജ് ആശുപത്രി ചികിത്സയും ശസ്ത്രക്രിയകളും വേണ്ടി വന്നുവെന്നും ബസ്സിൽ യാത്ര ചെയ്യാൻ സാധിക്കാത്ത കുട്ടിക്ക് സ്കൂളിലേയ്ക്ക് പോയി വരുന്നതിന് വാഹന സൗകര്യം, പഠന ചെലവ്, ചികിത്സാ ചെലവ് എന്നിവയ്ക്ക് സാമ്പത്തിക സഹായമായി 50,000/- രൂപ അനുവദിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പാലം തകർന്ന് നട്ടെല്ലിനു ഗുരുതരമായ ക്ഷതം സംഭവിച്ച കൃഷ്ണപ്രിയയ്ക്ക് ധനസഹായമായി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതമായ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

കൃഷ്ണപ്രിയ,C/o അനിതകുമാരി, മലയടി, വിതുര, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.